LIBRARY ARCHIVES Kerala Legislative Assembly

നിത്യോപയോഗ സാധനങ്ങളുടെയും ഭക്ഷ്യവസ്തുക്കളുടെയും വിലക്കയറ്റം തടയാൻ നിയമം

238(3163) ശ്രീ. പി. എ. മാധവൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിത്യോപയോഗ സാധനങ്ങളുടെയും ഭക്ഷ്യവസ്തുക്കളുടെയും വില നിയന്ത്രിക്കുന്നതിന് നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) വിലക്കയറ്റം തടയാൻ എന്തെല്ലാം വ്യവസ്ഥകളും നിയന്ത്രണങ്ങളുമാണ് പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) നിയമം പ്രാവർത്തികമാക്കുന്നതിന് മുൻപ് വ്യാപാരി വ്യവസായികളുമായും ഹോട്ടലുടമകളുമായും ചർച്ച നടത്തുമോ ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത നിയമനിർമ്മാണപ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ-ഡി) നിത്യോപയോഗ സാധനങ്ങളുടെയും ഭക്ഷ്യവസ്തുക്കളുടെയും വില നിയന്ത്രിക്കുന്നതിന് നിയമം കൊണ്ടുവരുന്ന കാര്യം പരിഗണനയിലില്ല. ഹോട്ടലുകളിലെ നിലവാരം, സൗകര്യം, ഭക്ഷണപദാർത്ഥങ്ങളുടെ ഗുണമേന്മ എന്നിവയുടെ അടിസ്ഥാനത്തിലുള്ള വില നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട കരടുബിൽ പരിഗണനയിലാണ്. ഇതുമായി ബന്ധപ്പെട്ട് ഹോട്ടലുടമകളുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് ഒന്നാം വിളയ്ക്ക് സംഭരിച്ച നെല്ലിന്റെ കണക്ക്

239(3164) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കൊല്ലം സംസ്ഥാനത്ത് ഒന്നാംവിളയ്ക്ക് എത്ര ടൺ നെല്ലാണ് സംഭരിച്ചത് ; ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) കർഷകർക്ക് സംഭരിച്ച നെല്ലിന് എത്ര രൂപയാണ് നൽകുവാനുള്ളത് ;

(സി) നെല്ലുസംഭരിച്ച വകയിൽ എത്ര രൂപയാണ് കർഷകർക്കു കുടിശ്ശികയായി നൽകുവാനുള്ളത് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2014-15 ഒന്നാം സീസണിൽ 04-12-2014 വരെ 133384.665 മെ.ടൺ നെല്ല് സംഭരിച്ചു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ജില്ല	അളവ് (മെ.ടൺ)
1	ആലപ്പുഴ	33922.924
2	എറണാകുളം	135.921
3	ഇടുക്കി	10.627
4	കണ്ണൂർ	24.954
5	കാസർഗോഡ്	57.252
6	കൊല്ലം	10.897
7	കോട്ടയം	14137.863
8	മലപ്പുറം	58.195
9	പാലക്കാട്	82834.276
10	തൃശ്ശൂർ	2036.847
11	തിരുവനന്തപുരം	46.947
12	വയനാട്	107.962
	ആകെ	133384.665

(ബി&സി) ഈ സീസണിൽ കർഷകരിൽ നിന്ന് ഇതുവരെ സംഭരിച്ച 133384.665 മെ.ടൺ നെല്ലിന്റെ വിലയായ 253.43 കോടി രൂപയിൽ 58.63 കോടി രൂപ (4-12-2014 വരെ) നല്കാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ജില്ല	നല്കുവാനുള്ള തുക
1	ആലപ്പുഴ	301800841
2	കാസർഗോഡ്	1087788
3	കൊല്ലം	207043
4	കോട്ടയം	111464241
5	പാലക്കാട്	171292581
6	തൃശ്ശൂർ	23750
7	വയനാട്	378618
	ആകെ	586254862

ആറ്റിങ്ങൽ നഗരസഭയിൽ നാല് പുതിയ മാവേലിസ്റ്റോറുകൾ

240(3165) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും മന്ത്രിസ്നേഹനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാല് കേന്ദ്രങ്ങളിൽ മാവേലിസ്റ്റോറുകൾ ആരംഭിക്കുന്നതിന് ആറ്റിങ്ങൽ നഗരസഭ സമർപ്പിച്ചിരുന്ന അപേക്ഷയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ; പ്രസ്തുത മാവേലിസ്റ്റോറുകൾ ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ ;

(ബി) ദേശീയ പാതയിൽ ചാത്തമ്പാറയിൽ പ്രവർത്തിക്കുന്ന മാവേലിസ്റ്റോർ സൂപ്പർമാർക്കറ്റാക്കിമാറ്റാമെന്ന് ബഹു. മന്ത്രി നൽകിയ വാഗ്ദാനം പാലിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആറ്റിങ്ങലിൽ നാല് കേന്ദ്രങ്ങളിൽ മാവേലിസ്റ്റോർ ആരംഭിക്കുന്നതിനായി ആറ്റിങ്ങൽ നഗരസഭയുടെ അപേക്ഷ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയിന്മേൽ സാധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly